File No.LBRD-C1/291/2017-LBRD

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനക്കാര്യം - വ്യാവസായിക പരിശീലന വകുപ്പ്- ജൂനിയർ ഇൻസ്ട്രക്ടർ (ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്) തസ്തികയുടെയോഗ്യത-- കളമശ്ശേരി ഹുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ഫ്രണ്ട് ഓഫീസ് ഓപ്പറേഷനിലെ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(കൈ) നം./87/2017/തൊഴിൽ തീയതി,തിരുവനന്തപുരം, 06/10/2017

പരാമർശം:- 1. ശ്രീമതി.ലിംസി ശ്യാംകുമാറിന്റെ 25.07.2017-ലെ നിവേദനം.

2. ട്രെയിനിംഗ് ഡയറക്ടറുടെ 27.09.2017-ലെ എഫ്1/23010/17നമ്പർ കത്ത്

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 537/2012 കാറ്റഗറി നമ്പറിൽ ഉൾപ്പെടുത്തി വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്) തസ്തികയിലെ നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള ഐ.ടി.ഐ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് യോഗ്യതയ്ക്ക് തത്തുല്യമായി കേരള സർക്കാരിന്റെ ടെക്നിക്കൽ എജ്യൂക്കേഷൻ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കളമശ്ശേരി ഹുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ഫ്രണ്ട് ഓഫീസ് ഓപ്പറേഷനിലെ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് പരിഗണിക്കുന്നതിന് അനുമതി നൽകി തുല്യതാ സർട്ടിഫിക്കറ്റ് നൽകണമെന്ന് പരാമർശം 1 ലെ നിവേദനം മുഖേന ശ്രീമതി.ലിംസി ശ്യാംകുമാർ അഭ്യർത്ഥിക്കുകയുണ്ടായി.

2) ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ ട്രേഡുകളുടെ സിലബസുകൾ താരതമ്യം ചെയ്തതിൽ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് ട്രേഡിന്റെ പരിശീലന കാലാവധി ഒരു വർഷവും, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ ട്രേഡിന്റെ പരിശീലന കാലാവധി 10 മാസ ഇൻസ്റ്റിറ്റ്യൂട്ട് ട്രെയിനിംഗും 6 മാസ ഇൻഡസ്ട്രിയൽ ട്രെയിനിംഗും ഉൾപ്പെടെ 16 മാസവുമാണ് എന്നും ഐ.ടി.ഐ. സിലബസിലെ തിയറി പാഠഭാഗങ്ങൾ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ കോഴ്സിലും ഉൾപ്പെട്ടിട്ടുള്ളതായും പ്രാക്ടിക്കൽ സിലബസിൽ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ കോഴ്സിൽ ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിംഗ് കുറവാണെങ്കിലും (10 മാസം) ട്രെയിനിംഗ് കാലാവധിയിൽ തന്നെ (6 മാസം) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഉൾപ്പെട്ടിട്ടുള്ളതിനാൽ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ കോഴ്സ് ഐ.ടി.ഐ.കളിൽ നിന്നും ലഭിക്കുന്ന ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് കോഴ്സിന് തുല്യമായി പരിഗണിക്കാവുന്നതാണ് എന്ന് ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്) - തസ്തികയിലെ നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള ഐ.ടി.ഐ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് യോഗ്യതയ്ക്ക് തത്തുല്യമായി കേരള സർക്കാരിന്റെ ടെക്നിക്കൽ എജ്യൂക്കേഷൻ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കളമശ്ശേരി ഹുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ഫ്രണ്ട് ഓഫീസ് ഓപ്പറേഷനിലെ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആർ.താരാദേവി

ജോയിൻറ് സെക്രട്ടറി

ശ്രീമതി.ലിംസി ശ്യാംകുമാർ, ആലിങ്ങപ്പൊക്കം വീട്, തത്തപ്പിള്ളി പി.ഒ., നോർത്ത് പറവൂർ, എറണാകുളം. പിൻ-683520.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.